**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4180** **03-03-2023 - ൽ മറുപടിയ്ക്ക്**

**കരവാളൂർ ഗ്രാമപഞ്ചായത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ഗ്രാമ പഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തിക അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (എ) | സ.ഉ.(അച്ചടി) 102/2016/ധന തീയതി 22/07/2016 പ്രകാരമുള്ള പ്രഫോർമ പ്രകാരം അപേക്ഷയും, ഹെൽത്ത് ഇൻസെക്ടർ തസ്തികയുടെ ആവശ്യകത സംബന്ധിച്ച ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട്, തനത് ഫണ്ട് സ്റ്റേറ്റ്മെന്റ്, ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനം, നിലവിലെ സ്റ്റാഫ് സ്ട്രെങ്ത് എന്നിവ ഉൾപ്പെടുന്ന പ്രപ്പോസൽ ഡയറക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് നയപരമായ തീരുമാനം മുഖേന സർക്കാർ തസ്തികകൾ സൃഷ്ടിച്ച് വരുന്നു. |
| (ബി) | പുനലൂർ നിയോജക മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിൽ ഈ തസ്തിക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | തസ്തിക അനുവദിച്ചിട്ടില്ല |
| (സി) | കരവാളൂർ ഗ്രാമപഞ്ചായത്തിൽ ആരോഗ്യം, മാലിന്യ നിർമ്മാർജ്ജനം, ഭക്ഷ്യസുരക്ഷ എന്നീ മേഖലകളിൽ കൂടുതൽ ഫലപ്രദമായ ഇടപെടലുകൾ ആവശ്യമായതിനാലും നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുമായി ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തിക അനുവദിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (സി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ